ണ്ടത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന ബോണസ്സു, അവധി, പ്രോവിഡൻറ ഫണ്ടു മുതലായ സംഗതികളെക്കുറിച്ചു ഗവൺമെൻറ ആലോചിച്ചുവരുന്നു.

വില കൂടുതൽ അലവൻസു്

*൪൩൯. (൩൪) ശ്രീ. കെ. എൻ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ. —

(എ) ഉദ്യോഗസ്ഥന്മാരുടെ വില കൂടുതൽ അലവൻസു വർദ്ധിപ്പിക്കണമെന്നു എൻ. ജി. ഒ. അസോസിയേഷനിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

(ബി) ഇതിനെ സംബന്ധിച്ചു് ഗവൺമെൻറിൽനിന്നും എന്തു നടപടിയാണു് കൈക്കൊണ്ടിട്ടുള്ളതു്?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്.

(ബി) പ്രസ്തുത സംഗതി ഗവൺമെൻറിൻെറ അവഗാഢമായ പരിഗണനയിലിരിക്കുകയാണു്.

വെറ്ററിനറി ഡയറക്ടർ

*൪൭൦. (൩൬) ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) തിരു-കൊച്ചി വെറ്ററിനറി ഡയറക്ടർ ഇൻറർമെഡിയറ പരീക്ഷ പാസ്സായിട്ടുള്ള ആളാണോ? പാസ്സായിട്ടുണ്ടെങ്കിൽ ഏതു കാളേജിൽനിന്നും, ഏതുകൊല്ലം?

(ബി) ഇന്നത്തെ വെറ്ററിനറി ഡയറക്ടർ വെറ്ററിനറി മെഡിസിനു് അംഗീകാരമുള്ള പോസ്റ്റ്ഗ്രാഡുവേറ ഡിപ്ലോമ എവിടെ നിന്നെങ്കിലും എടുത്തിട്ടുണ്ടോ? ഏതു യൂണിവേഴ്സിറ്റിയിൽ നിന്നാണു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ ടി. കെ. നാരായണപിള്ള):

(എ) അതേ. മദ്രാസ് കുസ്റ്റ്യൻ കാളേജിൽനിന്നും ഫസ്റ്റ വൈ സെപ്റ്റംബർ മാസത്തിൽ ഇൻഡർമീഡിയറ് പരീക്ഷ പാസായിട്ടുണ്ടു്.

(ബി) പോസ്റ്റ് ഗ്രാഡുവേറ ഡിപ്ലോമ എടുത്തിട്ടില്ല.

വെറ്ററിനറി ഡിപ്പാർട്ടുമെണ്ടു്

*൪൭൧. (൩൭) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ—

(എ) ഗവൺമെണ്ടു് അംഗീകരിച്ച Retrenchment Scheme അനുസരിച്ചു് തിരുവിതാംകൂർ-കൊച്ചി വെറ്ററിനറി ഡിപ്പാർട്ടുമെൻറിൽനിന്നും എത്ര ഉദ്യോഗങ്ങൾ കുറവു ചെയ്തിട്ടുണ്ടു്;

(ബി) ഇതിൽ എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ടു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൫ ൦.

LIBRARY ARCHIVES Kerala Legislative Assembly